# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD8/1449

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2. അസി.ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നമ്പർ: KSA-PKD8/1449 തീയ്യതി: 01/07/2022

# പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2019 മുതൽ 20-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 20-10-2019 മുതൽ 20-06-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(HG)
ശ്രീ.കെ.സി.ഹരിഗോബിന്ദ്, അസി.ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശാരദ തുളസീദാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.അനീഷ്.ജി.ആർ | സെക്രട്ടറി | 01-04-2019 | 02-08-2019 |
| | | 27-08-2019 | 30-08-2019 |
| ശ്രീ.നാരായണൻകുട്ടി.ജി | സെക്രട്ടറി | 03-08-2019 | 26-08-2019 |
| | | 31-08-2019 | 30-09-2019 |
| ശ്രീ.അനീഷ്.സി.എം | സെക്രട്ടറി | 01-10-2019 | 30-10-2019 |
| ശ്രീ.സന്തോഷ്കുമാർ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗോപകുമാർ.വി.എസ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.കെ.കെ.ബിന്ദു | കൃഷി അസി.ഡയറക്ടർ | 01-04-2019 | 09-07-2020 |
| ശ്രീമതി.കെ.മേരി വിജയ | കൃഷി അസി.ഡയറക്ടർ | 10-07-2019 | 31-03-2020 |
| ശ്രീ.പ്രദീപ്.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 10-10-2019 |
| ശ്രീ.മണികണ്ഠൻ.പി | പട്ടികജാതി വികസന ഓഫീസർ | 11-10-2019 | 31-03-2020 |
| ശ്രീ.രാജീവ്.പി | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ദിലീപ്കുമാർ.പി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷീജ പടക്കളത്ത് | മെഡിക്കൽ ഓഫീസർ(CHC), നന്ദിയോട് | 01-04-2019 | 26-05-2019 |
| ഡോ.ഉണ്ണികൃഷ്ണൻ.കെ | മെഡിക്കൽ ഓഫീസർ(CHC), നന്ദിയോട് | 27-05-2019 | 20-07-2019 |
| ഡോ.അജിതകുമാരി | മെഡിക്കൽ ഓഫീസർ(CHC), നന്ദിയോട് | 21-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.സിന്ധു.എം.എ | മെഡിക്കൽ ഓഫീസർ(CHC), കൊടുവായൂർ | 01-04-2019 | 31-03-2020 |
| ശ്രീ.നാരായണൻ.പി | സൂപ്രണ്ട്, വൃദ്ധ-വികലാംഗ സദനം | 01-04-2019 | 31-03-2020 |
| ശ്രീമതി.ലതകൃഷ്ണകുമാരി.ടി.വി | വനിതാ ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീമതി.ലതാകുമാരി.പി.ടി | വനിതാ ശിശു വികസന പദ്ധതി ഓഫീസർ | 01-06-2019 | 25-12-2019 |
| ശ്രീമതി.ശാന്തകുമാരി.കെ | വനിതാ ശിശു വികസന പദ്ധതി ഓഫീസർ | 26-12-2019 | 31-03-2020 |
| ശ്രീമതി.നാൻസി.കെ.വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-01-2020 |
| ശ്രീ.റമീസ്.പി.മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-02-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.C.Harigobind (Senior Grade Auditor, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: K.C.Harigobind (Senior Grade Auditor, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: K.C.Harigobind (Senior Grade Auditor, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-7 |
| 8 | കട്ടിൽ വിതരണം - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-8 |
| 9 | മണ്ണിര കമ്പോസ്റ്റ് സ്ഥാപിക്കൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-06-2022) | 1-9 |
| 10 | പാലിയേറ്റീവ് കെയർ - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-10 |
| 11 | ലൈഫ് മിഷൻ വിഹിതം- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-11 |
| 12 | ഷീപാഡ്, വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-12 |
| 13 | ശുചിത്വ പ്ലാന്റ്- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-13 |
| 14 | ആർ.ആർ.എഫ് സ്ഥാപിക്കൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-14 |
| 15 | എ.ബി.സി പദ്ധതി- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-15 |
| 16 | പാലക്കുഴി ചെറുകിട ജല വൈദ്യുതി പദ്ധതി- ഷെയർ സർട്ടിഫിക്കറ്റ് | 1-16 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | |
| 17 | സ്കോളർഷിപ്പ്, ബത്ത - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-17 |
| 18 | മുതലമട ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് മിനി വ്യവസായ കെട്ടിട നിർമ്മാണം - അപാകങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-18 |
| 19 | അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടത്താതെ തുക പിൻവലിച്ചു<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-18-1 |
| 20 | സൈറ്റ് ഹാന്റ് ഓവർ ചെയ്യതിൽ കാലതാമസം നേരിട്ടു<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-18-2 |
| 21 | പ്രവൃത്തികൾ നടപ്പാക്കുന്നതിനു മുമ്പായി സ്ഥല ലഭ്യതയും സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും ഉറപ്പാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-06-2022) | 1-19 |
| 22 | ഒറ്റപ്പറമ്പ് എസ്.സി കോളനി റോഡ്-സ്ഥല ലഭ്യത ഉറപ്പാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-19-1 |
| 23 | വാരിയംകുളം എസ്.സി കോളനി കുടിവെള്ള പദ്ധതി - വിട്ടുകിട്ടിയ സ്ഥലം നിയമാനുസൃതം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-06-2022) | 1-19-2 |
| 24 | ഞായറോട് കുടിവെള്ള പദ്ധതി - സ്ഥല ലഭ്യത ഉറപ്പാക്കാതെ പ്രവൃത്തി ആരംഭിച്ചു<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-19-3 |
| 25 | ഉണ്ണൻ ചാത്തൻ തെരുവ് കുടിവെള്ള പദ്ധതി-പ്രാദേശിക പ്രശ്നങ്ങൾ വിലയിരുത്താതെ പ്രവൃത്തി ആരംഭിച്ചു<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-06-2022) | 1-19-4 |
| 26 | ചെട്ടിയത്ത്കുളമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി-രേഖകളുടെ സൂക്ഷിപ്പിൽ അപാകങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-19-5 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

29-01-2019 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 461921000 രൂപയും പ്രതീക്ഷിത ചെലവ് 461521000 രൂപയും നീക്കിയിരിപ്പ് 400000 രൂപയുമാണ്.
2019-20 ലെ പുതുക്കിയ ബജറ്റ് 14-02-20 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 18-6-2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 65366302 |
| വരവ് | 75098004 |
| ആകെ | 140464306 |
| ചെലവ് | 73762037 |
| നീക്കിയിരിപ്പ് | 66702269 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 50118000 | 50118000 | 40191477 | 9926523 |
| വികസനഫണ്ട് -എസ്.സി.പി | 0 | 31913000 | 30457220 | 19570024 | 10887196 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 4679000 | 4679000 | 1918465 | 2760535 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6544000 | 6544000 | 1798048 | 4745952 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| BRGF | 131884 | 0 | 131884 | 131884 | 0 |
| TSC | 84985 | 32739 | 117724 | 66847 | 50877 |

3. സംസ്ഥാനാവിഷ്കാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| IAY-Plan | 15389464 | 0 | 15389464 | 1089902 | 14299562 |
| IAY-General | 8738412 | 349689 | 0 | 9018091 | 9018091 |

| | | | | | |
|---|---|---|---|---|---|
| Old Age Home | 31076988 | 1241636 | 32318624 | 0 | 32318624 |
| കേരളോൽസവം | 0 | 60000 | 60000 | 60000 | 0 |
| Flood Grant | 0 | 400000 | 400000 | | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 148030121 | 111 | 67081875 | 0 | 33 | 77 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 77% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 45% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 2 | 2 | 850000 | 850000 | 100 |
| സെക്രട്ടറി | 30 | 17 | 42199737 | 14072007 | 33 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1960000 | 1840000 | 94 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 10 | 10 | 3328803 | 2683125 | 81 |
| പട്ടികജാതി വികസന ഓഫീസർ | 5 | 5 | 3533100 | 3462470 | 98 |
| കൃഷി അസി.ഡയറക്ടർ | 3 | 3 | 39895802 | 9124201 | 23 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 2040000 | 2040000 | 100 |
| വ്യവസായ വികസന ഓഫീസർ | 2 | 2 | 1500000 | 1200000 | 80 |
| അസി. എക്സി.എഞ്ചിനീയർ | 84 | 64 | 52052679 | 31225646 | 60 |
| സൂപ്രണ്ട്, വൃദ്ധ സദനം | 3 | 3 | 670000 | 584426 | 87 |
| ആകെ | 144 | 111 | 148030121 | 67081875 | 45 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.
രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.
വിവിധ സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി ലഭ്യമാകുന്ന ഫണ്ടുകൾ ചെലവഴിക്കാതിരിക്കുന്ന സാഹചര്യം നിലവിലുണ്ട്.
കൊടുവായൂർ വൃദ്ധ സദനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ 3.3 കോടി രൂപ ചെലവഴിക്കുന്നതിൽ സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ട്.
അക്കൗണ്ടിൽ തുക നീക്കിയിരിപ്പായുണ്ടെങ്കിലും ഐ.എ.വൈ/പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം ധാരാളം ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടില്ല.
മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് വിവിധ കാരണങ്ങളാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് ഫണ്ട് വിനിയോഗത്തിൽ കുറവുണ്ടാക്കുന്നുണ്ട്. PWD മാന്വൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെയാണ് മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. ആയതിനാൽ അനേകം പ്രവൃത്തികൾ സ്പിൽ ഓവറാവുകയും ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു.
ധനകാര്യ, വികസന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.2.22 – 10.2.22 | 1.04.20 മുതൽ 31.03.21 വരെ | 14.4.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.5.22 – 22.5.22 | 1-4-2016 മുതൽ 20-11-2021 വരെ | റിപ്പോർട്ട് ലഭ്യമായില്ല |

## 1-8 കട്ടിൽ വിതരണം - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | 136/20 |
| പേര് | കട്ടിൽ വിതരണം - ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം |
| അടങ്കൽ | 11,34,320/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 17/19-20 /5/09/19 | 11,34,320/- |

വൃദ്ധർക്ക് കട്ടിൽ നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതം NEFT ലൂടെ കൈമാറിയതിന്റെ വിശദവിവരം:

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | അക്കൗണ്ട് നം. | തുക |
|---|---|---|---|
| 01 | വടവന്നൂർ | 799011400001553 | 2,44,910 |
| 02 | മുതലമട | 79911400001171 | 3,86,700 |
| 03 | കൊടുവായൂർ | 79901140001632 | 1,80,460 |
| 04 | പട്ടഞ്ചേരി | 714041400000009 | 64,450 |
| 05 | കൊല്ലങ്കോട് | 799011400001373 | 2,57,800 |
| | ആകെ | | 11,34,320 |

പദ്ധതി വിഹിതം നല്കിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 5(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.*

## 1-9 മണ്ണിര കമ്പോസ്റ്റ് സ്ഥാപിക്കൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ ൻ - സെക്രട്ടറി

| പ്രൊജക്റ്റ് നം. | 77/19 |
|---|---|
| പേര് | കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിലെ മണ്ണിര കമ്പോസ്റ്റ് സ്ഥാപിക്കൽ/വിപുലീകരണം - ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 15,00,000/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 14/19-20 /24/08/19 | 15,00,000/- |

കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിൽ മണ്ണിര കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം.79901140000l632) പദ്ധതി വിഹിതം കൈമാറിയിട്ടുണ്ട്. ആയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 5(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.*

## 1-10 പാലിയേറ്റീവ് കെയർ - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പ്രൊജക്റ്റ് നം. | 7/20 |
|---|---|
| പേര് | പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 17,00,000/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 12/19-20 /24/08/19 | 17,00,000/- |

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 ഗ്രാമപഞ്ചായത്തുകൾക്ക് പാലിയേറ്റീവ് കെയർ പദ്ധതി നടത്തുന്നതിനുള്ള ബ്ലോക്ക് വിഹിതം NEFT മുഖേന കൈമാറിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | അക്കൗണ്ട് നം. | തുക |
|---|---|---|---|
| 01 | കൊട്ടുവായൂർ | 79901140000l632 | 5,28,889 |
| 02 | മുതലമട | 799011400001171 | 1,51,111 |
| 03 | കൊല്ലങ്കോട് | 799011400001373 | 1,13,333 |
| 04 | പെരുവെമ്പ് | 799011400001334 | 1,51,111 |

| | | | |
|---|---|---|---|
| 05 | പുതുനഗരം | 799011400001530 | 2,26,667 |
| 06 | വടവന്നൂർ | 799011400001553 | 3,77,778 |
| 07 | പട്ടഞ്ചേരി | 714041400000009 | 1,51,111 |
| ആകെ | | | 17,00,000/- |

പദ്ധതി വിഹിതം നൽകിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 5(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.*

1-11 ലൈഫ് മിഷൻ വിഹിതം- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട വീടില്ലാത്ത ആളുകൾക്ക് വീട് വെയ്ക്കുന്നതിന് ധന സഹായം നൽകൽ എന്ന ആവശ്യത്തിനായി ബ്ലോക്ക് വിഹിതം NEFT ലൂടെ നൽകിയതിന്റെ വിശദവിവരം :

| | |
|---|---|
| പ്രൊജക്റ്റ് നം. | 5/20 |
| പേര് | ലൈഫ് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 1,01,00,000/-(വികസന ഫണ്ട് - ജനറൽ) |
| ബിൽ നം./തീയതി | ചെലവ് |
| 21/19-20 /21/02/19 | 1,01,00,000/- |

ബ്ലോക്ക് വിഹിതം NEFTലൂടെ നൽകിയതിന്റെ വിശദവിവരം:

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | അക്കൗണ്ട് നം. | തുക |
|---|---|---|---|
| 01 | കൊടുവായൂർ | 799011400001632 | 14,58,889 |
| 02 | മുതലമട | 799011400001171 | 20,84,127 |
| 03 | കൊല്ലങ്കോട് | 799011400001373 | 13,54,683 |
| 04 | പെരുവെമ്പ് | 79901140000334 | 12,58,492 |
| 05 | പുതുനഗരം | 799011400001530 | 12,50,476 |
| 06 | വടവന്നൂർ | 799011400001553 | 8,09,603 |
| 07 | പട്ടഞ്ചേരി | 7140414000000009 | 18,83,730 |
| ആകെ | | | 1,01,00,000 |

പദ്ധതി വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 5(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.*

1-12 ഷീപാഡ്, വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോ ഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | 79/20 |
| പേര് | ഷീ പാഡ് വെന്റിംഗ് മെഷീൻ, ഇൻസിനറേറ്റർ സ്ഥാപിക്കൽ |
| അടങ്കൽ | 6,40,160/- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം./ തീയതി | ചെലവ് |
| 9/19-20 /29/06/19 | 6,40,159/- |

കൊല്ലങ്കോട് ബ്ലോക്കിലുള്ള 18 സ്കൂളുകളിലേക്ക് ഷീ പാഡ് ലഭ്യമാക്കുന്നതിനായി വനിതാ വികസന കോർപ്പറേഷന് കൈമാറിയ തുകയുടെ വിശദവിവരം:

| സ്ഥാപനത്തിന്റെ പേര് | അക്കൗണ്ട് നം. | തുക |
|---|---|---|
| Kerala State Women Development Co-orporation Ltd. | 35810483408 | 6,40,159/- |

പദ്ധതി വിഹിതം നൽകിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പ്രോജക്റ്റിന്റെ മോണിറ്ററിംഗ് നടത്തി ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കി മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 5(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.*

1-13 ശുചിത്വ പ്ലാന്റ്- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോ ഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | 76/120 |
| പേര് | കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിലെ ശുചിത്വ പ്ലാന്റ് വിപുലീകരണം.(ബ്ലോക്ക് വിഹിതം നൽകൽ) |
| അടങ്കൽ | 5,00,000/-(വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 15/19-20 /19/08/19 | 5,00,000/- |

കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിൽ ശുചിത്വ പ്ലാന്റ് വിപുലീകരണത്തിനുള്ള പദ്ധതി വിഹിതം NEFT മുഖേന ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം.799001140000l632) കൈമാറിയിട്ടുണ്ട്.

സംയുക്ത പ്രോജക്റ്റുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 5(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.*

1-14 ആർ.ആർ.എഫ് സ്ഥാപിക്കൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | 78/20 |
| പേര് | കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിൽ RRF സ്ഥാപിക്കൽ(ബ്ലോക്ക് വിഹിതം നൽകൽ) |
| അടങ്കൽ | 5,00,000/-(വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 13/19-20 /19/08/'19 | 5,00,000/- |

RRF സ്ഥാപിക്കുന്നതിനായി കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിന്റെ എന്ന അക്കൗണ്ടിലേക്ക് (നം.799001140000l632 ) കൈമാറിയിട്ടുണ്ട്.

പദ്ധതി വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 5(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.*

1-15 എ.ബി.സി പദ്ധതി- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | 13/20 |
| പേര് | ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എ.ബി.സി. പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 5,00,000/- (വികസന ഫണ്ട്) |
| ബിൽ നം./ തീയതി | ചെലവ് |

| | |
|---|---|
| 7/19-20 /29/06/'19 | 5,00,000/- |

പാലക്കാട് ജില്ലയിൽ അലഞ്ഞ് തിരിയുന്ന തെരുവ് നായ്ക്കളുടെ വന്ധ്യകരണം നടത്തി വംശവർദ്ധനവ് നിയന്ത്രിക്കുകയും അതിലൂടെ ജനങ്ങൾക്ക് നായ്ക്കളിൽ നിന്ന് ഉണ്ടാകുന്ന പേവിഷബാധ തടയുകയും ചെയ്യുക എന്ന ആവശ്യത്തിനായി പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം.79901140000 2200) NEFT മുഖേന 5,00,000/-രൂപ കൈമാറിയിട്ടുണ്ട്.

വിഹിതം കൈമാറിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 5(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.*

## 1-16 പാലക്കുഴി ചെറുകിട ജല വൈദ്യുതി പദ്ധതി- ഷെയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | 19/20 |
| പേര് | പാലക്കുഴി ചെറുകിട ജല വൈദ്യുതി പദ്ധതി ജില്ലാ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 5,00,000/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 19/19-20 /17/11/'19 | 5,00,000/- |

പാലക്കുഴി ചെറുകിട ജല വൈദ്യുത പദ്ധതിക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം.79901140000 2200) NEFT മുഖേന വിഹിതം കൈമാറിയിട്ടുണ്ട്. വിഹിതം നൽകിയതിനുള്ള ഷെയർ സർട്ടിഫിക്കറ്റ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

*ഓഡിറ്റ് അന്വേഷണം നം. 5(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.*

## 1-17 സ്കോളർഷിപ്പ്, ബത്ത - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്റ്റ് - 20/20-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബത്ത, സ്കോളർഷിപ്പ് എന്നിവ നൽകുന്നതിനുള്ള ബ്ലോക്ക് ഷെയർ നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ

അടങ്കൽ - 8,01,740/- (വികസന ഫണ്ട്-ജനറൽ)

ചെലവ് - 8,01,740/-

| ബിൽ നം./തീയതി | ചെലവ് |
|---|---|
| 3/19-20/23/11/19 | 5,84,210/- |
| 5/19-20/28/2/20 | 2,17,530/- |
| ആകെ | 8,01,740/- |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബത്ത, സ്കോളർഷിപ്പ് എന്നിവ നൽകുന്നതിനുള്ള ഫണ്ടുകൾ അപര്യാപ്തമായതിനാൽ 5 ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച ബ്ലോക്ക് വിഹിതത്തിന്റെ

വിവരം താഴെ ചേർക്കുന്നു.

1)

| ക്രമ നം. | പഞ്ചായത്ത് | തുക | അക്കൗണ്ട് നം. |
|---|---|---|---|
| 01 | കൊടുവായൂർ | 130000 | 79901140000632 |
| 02 | പുതുനഗരം | 114210 | 799011400001530 |
| 03 | പെരുവെമ്പ് | 50000 | 799011400001334 |
| 04 | കൊല്ലങ്കോട് | 150000 | 799011400001373 |
| 05 | മുതലമട | 140000 | 799011400001171 |
| ആകെ | | 584210 | |

2)

| ക്രമ നം. | പഞ്ചായത്ത് | തുക | അക്കൗണ്ട് നം. |
|---|---|---|---|
| 01 | കൊടുവായൂർ | 31076 | 79901140000632 |
| 02 | പുതുനഗരം | 93226 | 799011400001530 |
| 03 | പട്ടഞ്ചേരി | 31076 | 799011400001525 |
| 04 | കൊല്ലങ്കോട് | 31076 | 799011400001373 |
| 05 | മുതലമട | 31076 | 799011400001171 |
| ആകെ | | 217530 | |

ഒട്ടാകെ – 801740 രൂപ

ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 3/27-6-22 ന് മറുപടി ലഭ്യമായില്ല.

### 1-18 മുതലമട ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് മിനി വ്യവസായ കെട്ടിട നിർമ്മാണം – അപാകങ്ങൾ

83/20 – മുതലമട ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് മിനി വ്യവസായ കെട്ടിട നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ

അടങ്കൽ – 5000000 (SCP)

കരാറുകാരൻ – ശ്രീ.പ്രമോദ്കുമാർ.ജി

എഗ്രിമെന്റ് നം.:49/14-03-2018

അളവു പുസ്തകം – 5/16-17, 6/16-17, 52/18-19

ചെലവ് – 4967554

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-18-1 അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടത്താതെ തുക പിൻവലിച്ചു

പ്രവൃത്തിക്കായി 2018-19 വർഷത്തിൽ 3786029 രൂപയും 2019-20 വർഷത്തിൽ മൂന്ന് പാർട്ട് ബില്ലുകൾ മുഖേന 1181525 രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2018-19 ലെ ചെലവ് – 3786029

ബിൽ നം. 38/18-1-20 – 500000

40/18-1-20 – 500000

50/18-1-20 - 181525

ആകെ - 4967554 രൂപ

അളവ് പുസ്തകം നം. 52/18-19 ൽ 15 മുതൽ 30 വരെയുള്ള പേജുകൾ അവസാന ബിൽ എൻട്രി എന്ന നിലയ്ക്കാണ് തയ്യാറാക്കിയിട്ടുള്ളത്. ബിൽ നം. 50/18-1-20 പ്രകാരം 181525 രൂപ കൂടി ട്രഷറിയിൽ നിന്നും മാറി നൽകിയിട്ടുണ്ടെങ്കിലും അളവ് പുസ്തകത്തിൽ ഈ ബില്ലിലെ എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 2(1)/25-6-22 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായിട്ടില്ല. തുക പിൻവലിച്ചതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാകാത്തതിനാൽ 181525 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

മതിയായ രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18-2 സൈറ്റ് ഹാന്റ് ഓവർ ചെയ്തതിൽ കാലതാമസം നേരിട്ടു

14-3-2018 ന് എഗ്രിമെന്റ് ചമച്ച പ്രവൃത്തിയുടെ സൈറ്റ് ഹാന്റ് ഓവർ ചെയ്തത് 16-7-2018 നാണ്.

2012 ലെ കേരള പൊതു മരാമത്ത് മാന്വലിലെ സെക്ഷൻ 2012-1 പ്രകാരം ഒരു പ്രവൃത്തിക്കുവേണ്ടിയുള്ള കരാർ ചമച്ച് 10 ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം എഞ്ചിനിയറിൽ നിന്നും ഏറ്റെടുക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രസീതി ഒപ്പു വെച്ച് വാങ്ങേണ്ടതുമാണ്. കരാറുകാരൻ സൈറ്റ് ഏറ്റെടുക്കുവാൻ തയ്യാറാകുന്നില്ല എങ്കിൽ എഞ്ചിനിയർ ഒപ്പുവെച്ച രസീത് കരാറുകാരൻ രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ തപാൽ അയച്ച തിയതി മുതൽ കരാറുകാരൻ സൈറ്റ് ഏറ്റെടുത്തതായി കണക്കാക്കുന്നതാണ്. ഈ നടപടിക്രമം പാലിക്കാതെ മാസങ്ങൾ കഴിഞ്ഞാണ് സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുള്ളത്. ആയതിനാൽ 13-3-2019 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ കാലാവധി 30-9-2019 വരെ പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകേണ്ടി വന്നിട്ടുണ്ട്. സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്നതിലെ കാലതാമസവും മോശം കാലാവസ്ഥയും കാരണം പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നു എന്നാണ് അസി. എഞ്ചിനിയറുടെ റിപ്പോർട്ടിലും എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ തീരുമാനത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്.

PWD മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് പ്രവൃത്തിയുടെ സൈറ്റ് കൈമാറിയിട്ടുള്ളത്.

സൈറ്റ് ഹാന്റ് ഓവർ ചെയ്തതിലെ കാലതാമസത്തിന്റെ സാഹചര്യം വ്യക്തമാക്കുവാനും

കെട്ടിടം രേഖാമൂലം ഗ്രാമപഞ്ചായത്തിലേക്ക് കൈമാറി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാനും കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 2(1)/25-6-22 ന് മറുപടി ലഭ്യമായില്ല.

പ്രവൃത്തികളുടെ സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

കെട്ടിടം ലക്ഷ്യമിട്ട ആവശ്യത്തിനായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-19 പ്രവൃത്തികൾ നടപ്പാക്കുന്നതിനു മുമ്പായി സ്ഥല ലഭ്യതയും സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും ഉറപ്പാക്കിയില്ല

2019-20 വർഷത്തിൽ പൂർത്തീകരിച്ച വിവിധ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതെയും അനുമതികൾ ലഭ്യമാക്കാതെയും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് സൈറ്റ് ഹാന്റ് ഓവർ ചെയ്തതായി കണ്ടെത്തി. ആയതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി പല തവണ ദീർഘിപ്പിച്ചു നൽകേണ്ടി വന്നിട്ടുണ്ട്. വിശദാംശങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-19-1 ഒറ്റപ്പറമ്പ് എസ്.സി കോളനി റോഡ്-സ്ഥല ലഭ്യത ഉറപ്പാക്കിയില്ല

84/19- ഒറ്റപ്പറമ്പ് എസ് .സി കോളനി റോഡ് -പെരുവെമ്പ്

അടങ്കൽ - 968800 (SCP)

എഗ്രിമെന്റ് നം.25/26-9-18

കരാറുകാരൻ - ശ്രീ.രാമകൃഷ്ണൻ.കെ

ചെലവ് - 728165 (19/17-8-19 – 535470, 55/30-1-20 – 192695)

അളവു പുസ്തകം - 19&70/18-19

എഗ്രിമെന്റ് പ്രകാരം സ്ഥലം വിട്ടു കിട്ടാത്തതിനാൽ കാലാവധി ദീർഘിപ്പിച്ചു നൽകുവാനുള്ള കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് രണ്ടു തവണ പൂർത്തീകരണ കാലാവധി പിഴയില്ലാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ആയതിനാൽ 25-3-2019 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചത് 28-9-2019 നാണ്.

റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിലെ തർക്കം കാരണം പൂർത്തീകരണ തിയതി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് അസി.എഞ്ചിനിയർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുമ്പായി ആവശ്യമായ സ്ഥല പരിശോധന നടത്തി സ്ഥല ലഭ്യത ഉറപ്പാക്കാതിരുന്നതിനാലാണ് പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുള്ളത്. അതിർത്തി തർക്കമുള്ള റോഡിൽ പ്രവൃത്തി നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 2(2)/25-6-22 ന് മറുപടി ലഭ്യമായില്ല.

നിയമാനുസൃതം പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള രേഖകൾ ഉറപ്പാക്കി മാത്രം പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-19-2 വാരിയംകുളം എസ്.സി കോളനി കുടിവെള്ള പദ്ധതി - വിട്ടുകിട്ടിയ സ്ഥലം നിയമാനുസൃതം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയില്ല

93/20- വാരിയംകുളം എസ്.സി കോളനി കുടിവെള്ള പദ്ധതി -പുതുനഗരം

അടങ്കൽ - 1750000(SCP)

എഗ്രിമെന്റ് നം.1/10-4-18

കരാറുകാരൻ -ശ്രീ.ഷാജഹാൻ.എസ്

ചെലവ് - 1502975

അവസാന ബിൽ നം. 33/11-11-2019

അളവു പുസ്തകം - 7/16-17, 221/18-19

പ്രവൃത്തി സ്ഥലം പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് ഉറപ്പാക്കാതെയാണ് 10-4-2018 ന് എഗ്രിമെന്റ് ചമച്ച് സ്ഥലം കരാറുകാരന് കൈമാറിയത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആർ.ഡി.ഒ യ്ക്ക് 12-12-2018 ന് അയച്ച എ1-6220/18 നം. കത്തിൽ താഴെ പറയും പ്രകാരമുള്ള വസ്തുതകൾ അറിയിച്ചിട്ടുണ്ട്.

*“661/12 റീസർവ്വേ നമ്പറിൽപ്പെട്ട 0.0012.25 ഹെക്ടർ സ്ഥലം കെ.നളിനകുമാരി വിട്ടു നൽകിയിട്ടുണ്ട്. സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്”.* തുടർനടപടികളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാതെ പ്രവൃത്തിയുടെ ടെണ്ടർ, കരാർ നടപടിക്രമങ്ങൾ ആരംഭിച്ചതിനാൽ കരാറുകാരന് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാതെ വന്നതായി 1-11-2018 ലെ കത്തിൽ കരാറുകാരൻ സൂചിപ്പിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുവാൻ കാലതാമസം നേരിട്ടതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി 27-5-2019 വരെ പിഴ കൂടാതെ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

പ്രവൃത്തി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാതെ പ്രവൃത്തി ആരംഭിച്ചതിന്റെ സാഹചര്യം വ്യക്തമാക്കുവാനും സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയ ആർ.ഡി.ഒ യുടെ ഉത്തരവ്, ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 2(1)/25-6-22 ന് മറുപടി ലഭ്യമായില്ല.

പ്രവൃത്തി നിർവ്വഹിച്ചത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാണെന്ന് ഉറപ്പാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-19-3 ഞായറോട് കുടിവെള്ള പദ്ധതി - സ്ഥല ലഭ്യത ഉറപ്പാക്കാതെ പ്രവൃത്തി ആരംഭിച്ചു

109/18, 6/20- ഞായറോട് കുടിവെള്ള പദ്ധതി

അടങ്കൽ - 871496(പ്ലാൻ-ജനറൽ)

എഗ്രിമെന്റ് നം.54/24-3-18

കരാറുകാരൻ -M/s.കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

ചെലവ് - 752184

അവസാന ബിൽ നം. 58/30-1-2020

അളവു പുസ്തകം - 12/16-17

പ്രവൃത്തി സ്ഥലം നിയമപരമായി ലഭിക്കാതെയാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്.

ടാങ്ക് പണിയുന്നതിനുള്ള സ്ഥലം നിയമപരമായി ലഭിക്കാതിരുന്നതിനാൽ 31-3-2019 വരെ പ്രവൃത്തിയുടെ കാലാവധി പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകുവാൻ കരാറുകാരൻ അപേക്ഷിക്കുകയും (തിയതി ഇല്ല) അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ അപ്രകാരം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി 7-3-2019 ന് പൂർത്തീകരിച്ചിട്ടുണ്ട്.

സ്ഥല ലഭ്യത ഉറപ്പാക്കാതെ പ്രവൃത്തി ആരംഭിച്ചതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 2(1)/25-6-22 ന് മറുപടി ലഭ്യമായില്ല. സ്ഥല ലഭ്യത ഉറപ്പാക്കി മാത്രം പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-19-4 ഉണ്ണൻ ചാത്തൻ തെരുവ് കുടിവെള്ള പദ്ധതി-പ്രാദേശിക പ്രശ്നങ്ങൾ വിലയിരുത്താതെ പ്രവൃത്തി ആരംഭിച്ചു

12/20- ഉണ്ണൻ ചാത്തൻ തെരുവ് കുടിവെള്ള പദ്ധതി

അടങ്കൽ - 500000(SCP)

എഗ്രിമെന്റ് നം.13/17-9-18

കരാറുകാരൻ -ശ്രീമതി.സമീന.എൻ

ചെലവ് - 442342

അവസാന ബിൽ നം. 35/11-11-2019

അളവു പുസ്തകം - 9/18-19

പ്രാദേശിക പ്രശ്നം കാരണം ടാങ്ക് നിർമ്മാണത്തിനുള്ള സ്ഥലം ലഭിക്കാതിരുന്നതിനാൽ 30-9-2019 വരെ പ്രവൃത്തിയുടെ കാലാവധി പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പ്രവൃത്തി 20-7-2019 ന് പൂർത്തീകരിച്ചിട്ടുണ്ട്.

സ്ഥല ലഭ്യത ഉറപ്പാക്കാതെ പ്രവൃത്തി ആരംഭിച്ചതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 2(1)/25-6-22 ന് മറുപടി ലഭ്യമായില്ല. പ്രവൃത്തി സ്ഥലം പ്രശ്നരഹിതമാണെന്ന് ഉറപ്പാക്കി മാത്രം പ്രവൃത്തി ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-19-5 ചെട്ടിയത്ത്കുളമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി-രേഖകളുടെ സൂക്ഷിപ്പിൽ അപാകങ്ങൾ

92/20-ചെട്ടിയത്ത്കുളമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി -പുതുനഗരം

അടങ്കൽ - 1 950000(SCP)

എഗ്രിമെന്റ് നം.2/10-4-18

കരാറുകാരൻ -ശ്രീ.ഷാജഹാൻ.എസ്

ചെലവ് - 1666586

അവസാന ബിൽ നം. 57/26-12-2019 (176482 രൂപ)

അളവു പുസ്തകം - 19/16-17, 69/18-19

ഇറിഗേഷൻ കനാൽ ബണ്ടിൽ നടത്തുന്ന നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെയാണ് 10-4-2018 ന് എഗ്രിമെന്റ് ചമച്ച് സ്ഥലം കരാറുകാരന് കൈമാറിയത്.

27-10-2018 നാണ് ഇറിഗേഷൻ കനാൽ ബണ്ടിൽ ടാങ്ക്, ബോർവെൽ, മോട്ടോർ ഷെഡ് എന്നിവയുടെ അനുമതിക്കായി എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഇറിഗേഷൻ, ചിറ്റൂരിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അനുമതി ലഭ്യമായതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെ പ്രവൃത്തിയുടെ ടെണ്ടർ, കരാർ നടപടിക്രമങ്ങൾ ആരംഭിച്ചതിനാൽ കരാറുകാരന് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. സ്ഥലം സറണ്ടർ ചെയ്തു കിട്ടാത്തിനാൽ കാലാവധി മൂന്ന തവണകളായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 22-7-2019 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

മറ്റ് അപാകങ്ങൾ

മേൽ പ്രവൃത്തിയുടെ അളവു പുസ്തകം നം. 69/18-19 ന്റെ 14 മുതൽ 16 വരെയുള്ള പേജുകളിൽ 1 മുതൽ 8 വരെയുള്ള ഇനങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. പ്രവൃത്തിയുടെ അവസാന ബില്ലും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അവസാന ബിൽ ഹാജരാക്കുവാനും അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 2(1)/25-6-22 ന് മറുപടി ലഭ്യമായില്ല. ആയതിനാൽ അവസാന ബിൽ തുകയായ 176482 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള അനുമതി പത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
പ്രവൃത്തി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാതെ പ്രവൃത്തി ആരംഭിച്ചതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 21.6.2022 മുതൽ 29.6.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2018-19 | 3283050 | പി.എം. എ.വൈ | 324669 | 2958381 |
| | 2019-20 | 872000 | പി.എം. എ.വൈ | 872000 | 0 |
| | 2018-19 | 1337415 | JV | 0 | 1337415 |
| | 2019-20 | 635000 | JV | 635000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 331400 | പി.എം. എ.വൈ | 0 | 331400 |
| | 2018-19 | 599200 | ലൈഫ് -എസ്.ടി | 599200 | 0 |
| | | 15389464 | ഐ.എ. വൈ-പ്ലാൻ | 4048283 | 11341181 |
| | 2019-20 | 291337 | | 291337 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 98-99 | 10 | 2003-04 | 4.13 | പഞ്ചായത്ത് അനക്സർ കെട്ടിട നിർമ്മാണം | സമിതി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല |
| | 11 | | | സി.എച്.സി കൊടുവായൂർ- നിർമ്മാണം | |
| | 14 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാരജാക്കിയില്ല | |
| 1999-00 | 9എ | | | സി.എച്.സി കൊടുവായൂർ- നിർമ്മാണം | |
| | 16(3) | | | കൊല്ലത്ത് കുളമ്പ് തടയണ | |
| | 17(2) | | | വടവന്നൂർക്കാര പറമ്പ് തോട്ടിൽ തടയണ | |
| | 19 | | | അളവുപുസ്തകങ്ങൾ ലഭ്യമായില്ല | |
| | 20 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല | |
| | 20 B | | | പൈപ്പ് വാങ്ങിയതിലെ ചെലവ് | |
| 2003-04 | 3-2 | 2007-08 | 3.1.24(1) | പറമ്പിക്കളം കുടിവെള്ള പദ്ധതി - പ്രവൃത്തി ലക്ഷ്യം കണ്ടില്ല. | സമിതി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല |
| 2005-06 | 3-2 | 2007-08 | 3.1.24(2) | തേക്കടി മുപ്പതേക്കർ കോളനിയിൽ ആദിവാസികൾക്ക് വീട് നിർമ്മാണം- ഡി.എഫ്.ഒ നെന്മാറയ്ക്ക് നൽകിയ പ്ലാൻ ഫണ്ട്- തുക വിനിയോഗിച്ചില്ല | സമിതി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 65366302 |
| ഓഡിറ്റ് വർഷത്തെ വരവ് | 75098004 |
| ആകെ | 140464306 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 73762037 |
| നീക്കിയിരിപ്പ് | 66702269 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 358007 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18-1 | 181525 | ശ്രീ.ഗോപകുമാർ.വി.എസ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 1-19-5 | 176482 | ശ്രീ.ഗോപകുമാർ.വി.എസ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗോപകുമാർ.വി.എസ്, | അസി.എക്സിക്യൂട്ടീവ് | ശ്രീവത്സം, |

| | | |
|---|---|---|
| അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | എഞ്ചിനിയർ, മലമ്പുഴ ബ്ലോക്ക് | അതിയന്നൂർ, അരളുമൂട്-തിരുവനന്തപുരം-695123 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | LFP.10/576/99/ 13-01-2000 | 3 |
| 1998-99 | LF-P5/1046/03/5-1-2004 | 3 |
| 1999-2000 | LF-P5/1047/03/5-1-2004 | 6 |
| 2000-01 | KSA-PKD.8 /360/18(1) /2-06-2018 | 5 |
| 2001-02 | KSA-PKD8 /360/18(2) /2-06-2018 | 9 |
| 2002-03 | KSA-PKD8 /360/18(3) /2-06-2018 | 8 |
| 2003-04 | KSA-PKD-25 /360/18(4) /2-06-2018 | 8 |
| 2004-05 | KSA-PKD-25 /360/18(5) /2-06-2018 | 1 |

| | | |
|---|---|---|
| 2005-06 | KSA-PKD-8 /438/22 /14-3-2022 | 2 |
| 2006-07 | KSA-PKD-25 /1113/08 /20-05-2020 | 1 |
| 2007-08 | KSA-PKD-25 /1233/11 /20-05-2020 | 4 |
| 2008-09 | KSA-PKD-25 /1234/11 /20-05-2020 | 4 |
| 2009-10<br>2010-11 | KSA-PKD-25 /1006/13 /27-05-2020 | 12 |
| 2011-12 | KSA-PKD-8/1006/712/22 /31-03-2022 | 7 |
| 2012-13,<br>2013-14,<br>2014-15 | KSA-PKD-25 /335/16 /6-05-2020 | 7 |
| 2015-16 | KSA-PKD-25 /36/17 /6-05-2020 | 6 |
| 2016-17 | KSA-PKD-8 /267/22 /30-03-2022 | 9 |
| 2017-18 | KSA-PKD-8 /268/22 /9-02-2022 | 9 |
| 2018-19 | KSA-PKD.8/269/19 /30-03-2021 | 10 |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

### 1. BALANCE SHEET

| Kollengode Block Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 37740230.00 |
| 312000000 | Reserves | B-3 | 95840777.00 |
| | Total Reserve & Surplus | | 133581007.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 59988898.00 |
| | Total Grants, Contributions for Specific Purposes | | 59988898.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 0.0 |
| 350000000 | Other Liabilities | B-9 | 17828.00 |
| | Total Current Liabilities and Provisions | | 17828.00 |
| | TOTAL LIABILITIES | | 193587733.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 125645321.00 |
| 411000000 | Accumulated Depreciation | B-11 | -331533.00 |
| 412000000 | Capital Work in Progress | B-11(a) | 858783.00 |
| | Total Fixed Assets | | 126172571.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3750.00 |
| 450000000 | Cash and Bank Balance | B-17 | 66702269.00 |
| 460000000 | Loans, Advances and Deposits | B-18 | 709143.00 |
| | Total Current Assets, Loans and Advances | | 67415162.00 |

| | | |
|---|---|---|
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 193587733.00 |

2. RECEIPT & PAYMENT STATEMENT

| Kollengode Block Panchayat | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 65366302.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 114832.00 |
| 150000000 | Sale & Hire Charges | RP-5 | 448406.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 68696961.00 |
| 171000000 | Interest Earned | RP-9 | 931539.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4118356.00 |
| 350000000 | Other Liabilities | RP-36 | 17828.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 770082.00 |
| | Grand total | | 140464306.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1780484.00 |
| 220000000 | Administrative Expenses | RP-12 | 1219420.00 |
| 230000000 | Operations & Maintenance | RP-13 | 402567.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 15148743.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 28636193.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3741395.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 104172.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 126662.00 |
| 255000000 | Maintenance Projects | RP-20 | 3494251.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 695955.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 4000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 23775.00 |

3. INCOME & EXPENDITURE STATEMENT

| Kollengode Block Panchayat | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3750.00 |
| 140000000 | Fee & User Charges | I-4(b) | 114832.00 |
| 150000000 | Sale & Hire Charges | I-5(b) | 448406.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 56964793.00 |
| 171000000 | Interest Earned | I-8 | 931539.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 58463320.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 1780484.00 |
| 220000000 | Administrative Expenses | I-11(b) | 1333419.00 |
| 230000000 | Operations & Maintenance | I-12(b) | 402567.00 |
| 240000000 | Interest & Finance Charges | I-13 | 1912433.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 15148743.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28636193.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3741395.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 104172.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 126662.00 |
| 255000000 | Maintenance Projects | I-14(e) | 3494251.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 695955.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 4000.00 |
| 272000000 | Depreciation | I-17(a) | 331533.00 |
| Total Expenditure | | 57711807.00 | |
| | Gross Surplus/ Deficit of income over Expenditure | | 751513.00 |
| 280000000 | Prior Period Item | I-18 | -2250166.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3001679.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |